## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 393 — 25.06.2019-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | കടലാക്രമണം മൂലം നാശനഷ്ടങ്ങൾ ഉണ്ടായ മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ നടപ്പിലാക്കിയ ആശ്വാസ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | കടലാക്രമണം മൂലം വീടുകൾക്ക് നാശനഷ്ടമുണ്ടായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ അടിയന്തിരമായി ദുരിതാശ്വാസ ക്യാമ്പുകളിൽ മാറ്റി പാർപ്പിക്കുകയും സൗജന്യ റേഷൻ ഉൾപ്പെടെയുള്ള അവശ്യ സൗകര്യങ്ങൾ റവന്യൂ, സിവിൽ സപ്ലൈസ് വകുപ്പുകൾ മുഖേന നടപ്പാക്കുന്നുമുണ്ട്. കടൽക്ഷോഭത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യ ത്തൊഴിലാളികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും SDRF മാനദണ്ഡ പ്രകാരം ധന സഹായം നൽകുന്നുണ്ട്.<br><br>മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നതും കടലാക്രമണ ഭീഷണി നേരിടുന്നതുമായ 18850 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നത്. 2016-17 മുതൽ നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ആകെ 5419 പേർക്ക് ധനസഹായം അനുവദിക്കുകയും 3706 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2016-17, 2017-18 വർഷങ്ങളിലായി നടപ്പാക്കിവരുന്ന പദ്ധതികൾ പ്രകാരം 1798 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം |

| | | | |
|---|---|---|---|
| | | | നൽകിയതിൽ 1191 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നിരന്തരമായി കടലാക്രമണ ഭീഷണി നേരിടുന്ന 18850 കുടുംബങ്ങൾ കേരളത്തിന്റെ 590 കി.മീറ്റർ വരുന്ന തീരദേശത്തുണ്ട്. തീരത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന അവരെ മുഴുവനും സുരക്ഷിതസ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയാണ് Rebuild Kerala Initiative (RKI)-ന്റെ ഭാഗമായി സർക്കാർ നടപ്പാക്കാൻ പോകുന്നത്. CMDRF ൽ നിന്നും ഈ ബൃഹത് പദ്ധതിയുടെ നിർവഹണത്തിനായി 1398 കോടി രൂപ വിനിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഭൂമിവാങ്ങി, വീട് നിർമ്മിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ വീതം കുടുംബമൊന്നിന്ന് അനുവദിക്കാനാകും. മൺസൂൺ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും പീലിംഗ് ഷെഡ് തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 4500/- രൂപ മൂന്ന് ഗഡുക്കളായി മെയ്, ജൂൺ, ജൂലായ് മാസങ്ങളിലായി നൽകി വരുന്നു. ഈ വർഷം കടലോര മത്സ്യത്തൊഴി ലാളികൾക്ക് മെയ്,ജൂൺ മാസങ്ങളിലെ ആനുകൂല്യം നൽകി കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന തൊഴിൽ നഷ്ടം നികത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ ധനസഹായ ത്തോടെ തണൽ പദ്ധതി പ്രകാരം 1350/- രൂപ വീതം നൽകുന്നുണ്ട്. |
| (ബി) | ഈ വർഷം ഏതൊക്കെ ജില്ലകളിലാണ് ഏറ്റവും കൂടുതൽ കടൽക്ഷോഭം ഉണ്ടായത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലാണ് രൂക്ഷമായ കടൽക്ഷോഭം ഉണ്ടായത്. |
| (സി) | കടൽക്ഷോഭം മൂലം വീടും വള്ളങ്ങളും നശിച്ചുപോയ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ | (സി) | കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴി ലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കു ന്നതിന് 25 കോടി രൂപയുടെ ഒരു |

| | |
|---|---|
| നടപടികൾ സ്വീകരിച്ച; വ്യക്തമാക്കാമോ? | പ്രത്യേക പാക്കേജ് 2016-17 വർഷം ആരംഭിച്ച് നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം ആകെ 127 പേർ സ്ഥലം വാങ്ങുകയും 112 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കു കയും ചെയ്തിട്ടുണ്ട്. മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട 192 മത്സ്യത്തൊഴി ലാളികളെ പാർപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് 187 ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.<br><br>മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി. ഐ.എഫ് & എച്ച്.ഡി.എഫ് (2018-19) ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ, കേരളത്തിന്റെ തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ 18850 എണ്ണം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് Rebuild Kerala Initiative-ന്റെ ഭാഗമായി ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അത് നടപ്പാക്കുന്നതോടെ മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിക്കാനാകും. കടൽക്ഷോഭത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും SDRF മാനദണ്ഡ പ്രകാരം ജില്ലാ കളക്ടർമാർ മുഖേന ധനസഹായം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**